പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1177 30.09.2016-ലെ മറുപടിക്ക്

## കൊല്ലം കെ.എസ്.ആർ. ടി. സി. സ്റ്റോറിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. അനൂപ് ജേക്കബ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം കെ. എസ്. ആർ. ടി. സി. സ്റ്റോറിൽ ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.റ്റി.സി കൊല്ലം സ്റ്റോറിലെ ഒരു ജീവനക്കാരൻ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മേൽപ്പടി സ്റ്റോറിലെ ജീവനക്കാരനായ ശ്രീ. എ. ഷാജഹാൻ, അഞ്ച് വർഷത്തേക്ക് ദീർഘിപ്പിച്ചെടുത്ത ശൂന്യവേതനാവധി 09-1-2016 കഴിഞ്ഞിട്ടും ഹാജരാകാത്തതിനാൽ ടിയാനെതിരെ വകുപ്പ്തല നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റോറിൽ ലോക്കൽ പർചേസിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.റ്റി.സി.യ്ക്ക് ബാധകമായ ലോക്കൽ പർച്ചേയ്സിന്റെ നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ലോക്കൽ പർചേസിന്റെ കാര്യത്തിൽ അപാകതയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഇ) | കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റോറിലെ അറ്റന്റൻസ് രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) യും (എഫ്) യും | സ്റ്റോറിലെ അറ്റന്റൻസ് രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതായി ശ്രദ്ധയിൽപെട്ടി ട്ടില്ല. |
| (എഫ്) | ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുമോ? | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ